**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 72** | **06-02-2023 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ ഭവനങ്ങളിൽ കുടിവെള്ള ലഭ്യത സാർവത്രികമാക്കുന്നതിന് ലക്ഷ്യമിട്ട ജൽജീവൻ മിഷന്റെ പുരോഗതി അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024 ഓട്ടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുവാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ജല ജീവൻ മിഷൻ (JJM). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ അംഗീകൃത ഗുണനിലവാര മാനദണ്ഡങ്ങൾ ഉറപ്പാക്കിക്കൊണ്ട് പ്രതിദിന ആളോഹരി ജല ലഭ്യത ഏറ്റവും കുറഞ്ഞത് 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ടാപ്പ് കണക്ഷനുകൾ വഴി ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>സംസ്ഥാനത്ത് ആകെയുള്ള 70.69 ലക്ഷം ഗ്രാമീണ വീട്ടുകളിൽ, 2020 ഏപ്രിലിലെ കണക്കനുസരിച്ച് 17.5 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് (24.76%) നിലവിലുണ്ടായിരുന്നത്. ദേശീയ തലത്തിൽ 2019 ൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020-21 കാലയളവിലാണ്.<br><br>നിലവിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീട്ടുകൾക്കും കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് 53,34,736 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 40,203.61 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീട്ടുകൾക്കും ടാപ്പ് കണക്ഷനുകൾ വഴി കുടിവെള്ളം ലഭ്യമാകുന്നതാണ്. |

| | | | |
|---|---|---|---|
| | | | ജല ജീവൻ മിഷൻ പദ്ധതിയിൽ ഏറ്റെടുത്ത പ്രവൃത്തികളിലുൾപ്പെടുത്തി 2020-21 കാലയളവിൽ 4.04 ലക്ഷം കുടിവെള്ളകണക്ഷനും, 2021-22 കാലയളവിൽ 6.64 ലക്ഷം കുടിവെള്ള കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ ഭാഗമായുള്ള നിയന്ത്രണവും, വെള്ളപൊക്കവും, പൈപ്പ് തുടങ്ങിയ മെറ്റീരിയൽസിന്റെ വില വർദ്ധനവും കാരണം പദ്ധതിനിർവ്വഹണത്തിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. 2022-23 സാമ്പത്തികവർഷം ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ (01/02/2023 വരെ) 4.48 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br><br>ഇപ്രകാരം ജല ജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം നിലവിലെ കണക്ക് പ്രകാരം ആകെയുള്ള കണക്ഷനുകളുടെ എണ്ണം 32.66 ലക്ഷം ആയി ഉയർന്നിട്ടുണ്ട്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 46.20% ആണ്. 2024 ഓടെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാൻ ലക്ഷ്യമിട്ടാണ് പദ്ധതി പ്രവർത്തനം നടന്നു വരുന്നത്.<br><br>നിലവിൽ 39 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനക്കായി 5000 ത്തിൽ പരം കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകി പരിശോധനകൾ നടത്തി വരുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ 82 കുടിവെള്ള ഗുണനിലവാര പരിശോധന ലാബുകൾക്ക് NABL അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>പദ്ധതികൾക്കാവശ്യമായ സ്ഥലം എല്ലായിടത്തും ലഭ്യമല്ലാത്തതും പദ്ധതി ഘടകങ്ങൾ സ്ഥാപി ക്കുന്നതിന് പൊതുമരാമത്ത്, റെയിൽവേ, നാഷണൽ ഹൈവേ അതോറിറ്റി, വനംവകുപ്പ് തുടങ്ങിയിട്ടുള്ള മറ്റു വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികൾ ലഭിക്കുന്നതിലെ തടസ്സങ്ങളും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. |
| (ബി) | പദ്ധതി നിർവഹണത്തിന്റെ ഏകോപനത്തിനും മേൽനോട്ടത്തിനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കുമോ; | (ബി) | ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത് പഞ്ചായത്തുകൾക്ക് കീഴിലാണ്. തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി കേരള വാട്ടർ അതോറിറ്റി, |

ജലനിധി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആസൂത്രണം മുതൽ ബന്ധപ്പെട്ട തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്.

ഇതിനായി ഗ്രാമീണ തലത്തിൽ ഗ്രാമ പഞ്ചായത്ത് വാട്ടർ ആൻറ് സാനിറ്റേഷൻ കമ്മിറ്റികൾ നിലവിലുണ്ട്. ഓരോ പദ്ധതിയും തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചതിനു ശേഷമാണ് ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻറ് സാനിറ്റേഷൻ മിഷനുകൾ അംഗീകരിച്ച് സംസ്ഥാന വാട്ടർ ആന്റ് സാനിറ്റേഷൻ മിഷന്റെ അംഗീകാരത്തോടെ ഭരണാനുമതി നൽകിയിട്ടുള്ളത്.

ജല ജീവൻ മിഷൻ പദ്ധതി നിർവഹണത്തിനായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ നിലവിലുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്.

ജല ജീവൻ മിഷൻ പദ്ധതി നിർവ്വഹണ മേൽനോട്ടത്തിനായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷനും പദ്ധതിയുടെ പുരോഗതി തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്. കൂടാതെ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷൻ (SWSM) എക്സിക്യൂട്ടീവ് കമ്മിറ്റിയും ജല ജീവൻ മിഷൻ പദ്ധതിയുടെ അവലോകനം നടത്തി പദ്ധതിനിർവ്വഹണം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ബഹു.സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. വകുപ്പ് മന്ത്രി ജില്ലകൾ തോറും നേരിട്ട് എം.എൽ.എമാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംങ്ങുകൾ വിളിച്ചു ചേർത്ത് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശ്ശങ്ങൾ നൽകുന്നുണ്ട്.

കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്ര സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. പദ്ധതി നിർവഹണത്തിന്റെ വിവിധതലങ്ങളിലും നിരന്തരം അവലോകനയോഗങ്ങൾ നടത്തിവരുന്നുണ്ട്.<br><br>കൂടാതെ പദ്ധതിനിർവഹണത്തിന്റെ ഏകോപനത്തിനായി ഒരു സ്റ്റേറ്റ് പ്രോജെക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ച് അതുവഴി പദ്ധതിപുരോഗതി നിരന്തരം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>ഇപ്രകാരം അവലോകനം നടത്തി പദ്ധതി നിർവഹണത്തിലെ തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട പുരോഗതിയും തടസങ്ങളുമുൾപ്പെടെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ, കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്രസർക്കാറിന്റെയും വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>മേൽപ്പറഞ്ഞ സംവിധാനങ്ങളിലൂടെയും നടപടികളിലൂടെയും പദ്ധതിനിർവഹണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ആവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. |
| (സി) | പദ്ധതിയിൽ സംസ്ഥാനവും കേന്ദ്ര സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചെലവഴിക്കുന്ന തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ? | (സി) | ജല ജീവൻ മിഷൻ പദ്ധതിനിർവഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതിവിഹിതം 50:50 എന്ന അനുപാതത്തിലാണ്. എന്നാൽ സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി ചെലവിന്റെ 25% സംസ്ഥാന വിഹിതവും 15 % തദ്ദേശ്ശസ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതവും 10 % ഗുണഭോക്തൃ വിഹിതവും 50 % കേന്ദ്ര വിഹിതവും എന്ന അനുപാതത്തിൽ വഹിക്കത്തക്കതരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ